കാബിനിൽ മാനേജരായി ഇരിക്കുന്നയാളെ, വെള്ളപ്പൊക്കത്തിലും തീപിടുത്തത്തിലും ഉരുൾപൊട്ടലിലുമെല്ലാം സന്നദ്ധസേനാ അംഗമായും, ക്രിക്കറ്റ് ടൂർണമെന്റുകളിൽ ക്യാപ്റ്റനായും, ദുരന്തമുഖത്ത് ഹാം റേഡിയോ ഓപ്പറേറ്ററായും ഒക്കെ കാണുന്നതായി സങ്കൽപ്പിക്കാൻ സാധിക്കുമോ?

സങ്കൽപ്പിച്ചു സമയം കളയണ്ട, 'കുമ്പിടികളുടെ സംസ്ഥാനസമ്മേളനം' എന്നു വിശേഷിപ്പിക്കാവുന്ന അങ്ങനെയൊരു മാനേജരെയാണ് ഇന്നത്തെ ദളത്തിൽ അവതരിപ്പിക്കുന്നത്.

മഹേഷ് വി
ഫെഡറൽ ബാങ്ക്
തലക്കടത്തൂർ ശാഖ
മലപ്പുറം

ജി വേണുഗോപാല ഷേണായ്- രാജമ്മ ദമ്പതികളുടെ മൂന്ന് ആണ്മക്കളിൽ ഇളയവനായി ജനിച്ച മഹേഷിന്റെ സ്വദേശം എറണാകുളമാണ്. നമ്മുടെയെല്ലാം ബാല്യ-കൗമാരങ്ങളെ പോലുള്ള തികച്ചും സാധാരണമെന്നു പറയാവുന്ന ഒന്നായിരുന്നു മഹേഷിന്റെയും ബാല്യകാലം.

പക്ഷേ, ശാന്തവും സന്തുഷ്ടവുമായ സ്കൂൾകാലത്തിനു മേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് മഹേഷിന്റെ ജീവിതത്തിലേക്ക് അച്ഛന്റെ വേർപാടു കടന്നുവന്നു. മഹേഷിനെ മാത്രമല്ല, ജ്യേഷ്ഠന്മാരെയും അമ്മയേയും ആ വേർപാട് പിടിച്ചുലച്ചു.

തന്റെ ജീവിതത്തിലെ ദൃഢനിശ്ചയത്തിനു വിത്തുപാകലായിരുന്നു അന്നു സംഭവിച്ചതെന്ന് മഹേഷ് തിരിച്ചറിഞ്ഞത് പക്ഷേ വർഷങ്ങൾക്കു ശേഷമാണ്.

അച്ഛന്റെ വേർപാടിനെ തുടർന്നുള്ള കാലയളവിൽ ജീവിതം കരുപ്പിടിപ്പിക്കാനുള്ള തീവ്രശ്രമത്തിലായിരുന്നു ആ കുടുംബം. അതിന്റെ ഭാഗമായിട്ടാവണം, പഠനത്തിൽ ശ്രദ്ധകൊടുക്കാൻ മഹേഷിനു വേണ്ടത്ര സാധിച്ചില്ല.

അങ്ങനെയിരിക്കെ, സുഹൃത്തായ കൃഷ്ണ കമ്മത്താണ് ഫെഡറൽ ബാങ്കിൽ ഒരു ജോലി ഒഴിവുള്ളതായി അറിയിക്കുന്നത്. അതു പ്രകാരം സമീപിച്ചതിനെ തുടർന്ന് 2001 ൽ ഫെഡറൽ ബാങ്കിന്റെ എറണാകുളം ഗിരിനഗർ ശാഖയിൽ താൽകാലികാടിസ്ഥാനത്തിൽ മഹേഷിന് ചെറിയൊരു ജോലി ലഭിക്കുന്നു.

അന്ന് ശാഖാ മാനേജരായിരുന്ന, പിന്നീട് ബാങ്കിന്റെ എച്ച് ആർ ഹെഡ്

ആയി വിരമിച്ച ശ്രീ തമ്പി കുര്യൻ, മഹേഷിന്റെ ആത്മാർത്ഥതയും അർപ്പണബോധവും പെട്ടന്നു തന്നെ തിരിച്ചറിഞ്ഞു. അതുകൊണ്ടു തന്നെ 90 ദിവസത്തെ താൽക്കാലിക ജോലിക്കു ശേഷം മഹേഷിനെ കൈവിടാൻ അദ്ദേഹത്തിനു തോന്നിയില്ല. ഒരു പരിചയക്കാരന്റെ കൺസ്ട്രക്ഷൻ കമ്പനിയിൽ സൂപ്പർ വൈസർ തസ്തികയിലേക്ക് മഹേഷിനെ അദ്ദേഹം ശിപാർശ ചെയ്തു.

എന്നാൽ ഏകദേശം ഒന്നര വർഷത്തോളം മാത്രമേ മഹേഷിന് അവിടെ ജോലി ചെയ്യേണ്ടി വന്നുള്ളൂ. 2002 ൽ ഫെഡറൽ ബാങ്ക് നടത്തിയ ടെസ്റ്റ് എഴുതി പാസായ മഹേഷ് 2003 നവംബർ 5 ന് ബാങ്കിൽ ഔദ്യോഗികമായി ജോലിക്കു കയറി.

ബാങ്കിന്റെ അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റിലാണ് മഹേഷ് ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. 2005 ൽ ആദ്യജോലിക്കയറ്റവും തുടർന്ന് സ്ഥലം മാറ്റവും. പാലക്കാട് ജില്ലയിലെ അലനല്ലൂരിലേക്കാണ് മഹേഷ് സ്ഥലം മാറിപ്പോയത്. 2007 ൽ തിരികെ എറണാകുളത്ത് എത്തി. ബാങ്കിന്റെ എറണാകുളം നോർത്ത് ശാഖയിലും ലീഗൽ ഡിപ്പാർട്ട്മെന്റിലുമായി 2018 വരെ സേവനമനുഷ്ഠിച്ചു.

കൗമാരകാലത്ത് അർദ്ധവിരാമമിട്ട ഔപചാരിക പഠനത്തെ മഹേഷ് ഇതിനിടെ കൂടെ കൂട്ടിയിരുന്നു. ജോലിയിൽ കയറിയതിനു ശേഷം എസ് എസ് എൽ സി, പ്ലസ് ടു, പബ്ലിക് അഡ്മിനിസ്ട്രേഷനിൽ ബിരുദം, പിജിഡിഎച്ച്ആർഎം എന്നിവയും പൊതുവെ ബാങ്കുകാർ ബാലികേറാമലയായി കാണുന്ന ജെഎഐഐബി, സിഎഐഐബി എന്നിവയും ‘പുല്ലുപോലെ’ പാസായി.

അവിടെയും തീർന്നില്ല, സർട്ടിഫിക്കറ്റ് കോഴ്സുകൾ കരസ്ഥമാക്കാൻ ആരോ ‘കൈവിഷം കൊടുത്തു’ എന്നു തോന്നിപ്പിക്കുന്ന രീതിയിൽ ഐഐബിഎഫിന്റെ ക്രെഡിറ്റ് ഓഫീസർ, ഫൊറെക്സ്, റീടെയിൽ ബാങ്കിംഗ് ഉൾപ്പെടെ 14 ഓളം സർട്ടിഫിക്കേഷനുകൾ ‘കസ്റ്റഡിയിൽ’ ആക്കി.

ഇത്രയും വായിച്ചപ്പോൾ, ഒരു ‘പഠിപ്പിസ്റ്റിനെയാണോ’ഈ ദളത്തിൽ പരിചയപ്പെടുത്തുന്നതെന്ന് ആരെങ്കിലും തെറ്റുധരിച്ചാൽ തെറ്റി.

ശരിക്കും മഹേഷ് ഇതൊന്നുമല്ല.

പിന്നെന്താണ് എന്നു ചോദിച്ചാൽ, ക്രിക്കറ്റ് കളിക്കാരനാണ്, സിവിൽ ഡിഫൻസ് അംഗമാണ്, ഹാം റേഡിയോ ലൈസൻസ് ഹോൾഡറാണ്, ട്രോളനാണ്, ബാങ്ക് മാനേജരാണ് എന്നുതുടങ്ങി എണ്ണിയാലൊടുങ്ങാത്ത വിശേഷണങ്ങളിലേക്കാണ് കടക്കേണ്ടത്.

എല്ലാം ഒന്നൊന്നായി പറയാം.

ചെറുപ്പം മുതലേ ക്രിക്കറ്റ് ഓൾ റൗണ്ടറായ മഹേഷ് ഫെഡറൽ ബാങ്കിനെ പ്രതിനിധീകരിച്ച് അനേകം ടൂർണമെന്റുകളിൽ പങ്കെടുത്തിട്ടുണ്ട്. ഒട്ടുമിക്കതിലും ക്യാപ്റ്റനുമായിരുന്നു. ഓൾ കേരള ഇന്റർ ബാങ്ക് ക്രിക്കറ്റ് ടൂർണമെന്റിൽ ബെസ്റ്റ് ബൗളർ ആയിട്ടുണ്ട്. ഒരു പ്രാവശ്യം വിന്നേഴ്സ് ട്രോഫി നേടുവാനും സാധിച്ചു.

സോഷ്യൽ സർവീസിലും മഹേഷ് എന്നും മുൻപന്തിയിലായിരുന്നു. 2018 ലെ പ്രളയ സമയത്തോടെയാണ് അത്തരം സേവനങ്ങൾക്കായി മുന്നിട്ടിറങ്ങാൻ തുടങ്ങിയത്. പ്രളയത്തിന്റെ നാളുകളിൽ ആലുവ, പറവൂർ, അടുവാശ്ശേരി, ചേരാനല്ലൂർ തുടങ്ങിയ ഇടങ്ങളിലായി ഏതാണ്ട് ഏഴുദിവസത്തോളം വെള്ളത്തിൽത്തന്നെ കഴിഞ്ഞ കാര്യം മഹേഷ് അനുസ്മരിച്ചു. അന്നത്തെ സേവനത്തെ മുൻ നിറുത്തി മഹേഷിന് ബാങ്കിന്റെയും അസോസിയേഷന്റെയും മറ്റും ഉപഹാരങ്ങളും ലഭിച്ചിരുന്നു.

ഫയർ ആൻഡ് റെസ്ക്യു ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള സന്നദ്ധസംഘടനയായ സിവിൽ ഡിഫൻസിൽ അംഗമാകുന്നതിലേക്കാണ് മഹേഷിന്റെ പ്രളയകാല അനുഭവം കലാശിച്ചത്. അതിനെ തുടർന്ന് ക്ലാസ് റൂം തലത്തിലും, ജില്ലാ സംസ്ഥാന തലത്തിലുമുള്ള ട്രെയിനിംഗ് നേടുകയും പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുക്കുകയും ചെയ്തു.

സിവിൽ ഡിഫൻസിൽ അംഗമായതിനെ തുടർന്ന് കോവിഡ് സമയത്ത് പിപിഇ കിറ്റ് ധരിച്ചുകൊണ്ട് കോവിഡ് രോഗികൾക്കുള്ള മരുന്നുകളും മറ്റും എത്തിക്കുന്ന കർത്തവ്യവും മഹേഷ് നിർവഹിച്ചിരുന്നു.

2020 ആഗസ്റ്റിൽ, കോവിഡിന്റെ ചെറിയ ഇടവേളയിലാണ് പെട്ടിമുടിയിൽ ഉരുൾപൊട്ടുന്നത്. തുടർന്നുണ്ടായ ദുരന്തത്തിന്റെ രക്ഷാപ്രവർത്തനത്തിൽ പങ്കെടുക്കുമ്പോൾ മഹേഷിന് ഹാം റേഡിയോ ഓപ്പറേറ്റർ ആയി പ്രവർത്തിക്കേണ്ട സാഹചര്യം വന്നു. ദുരന്തമുഖത്ത് ഹാം റേഡിയോ വളരെ വിലപ്പെട്ട ഉപകരണമാണ് എന്നു തിരിച്ചറിഞ്ഞ മഹേഷ് കഴിഞ്ഞ വർഷം അതു പ്രവർത്തിപ്പിക്കേണ്ടതുമായി ബന്ധപ്പെട്ട ലൈസൻസും കരസ്ഥമാക്കി.

തുടർന്ന് വയനാട്, പുഞ്ചിരിമട്ടം, ചൂരൽമല, മുണ്ടക്കൈ തുടങ്ങിയ ദുരന്തമുഖങ്ങളിലും മഹേഷ് സേവനമനുഷ്ഠിച്ചു.

ദുരന്തമുഖത്ത് സിവിൽ ഡിഫൻസിനു ലഭിക്കാവുന്ന ഒരു മികച്ച പോരാളിയായി മഹേഷ് മാറിക്കഴിഞ്ഞിരുന്നു എന്നതിന്റെ നേർസാക്ഷ്യമാണ് 2023 ൽ എറണാകുളത്തെ ബ്രഹ്മപുരത്തുണ്ടായ തീപിടുത്തം അണയ്ക്കുന്ന ടീമിലേക്ക് അഗ്നിശമനസേനാ വിഭാഗം മഹേഷിനെ തെരഞ്ഞെടുത്തത്. എത്രയും വേഗം തീയണക്കാനും

ആളപായമൊന്നും വരാതെ നോക്കാനുമുള്ള അന്നത്തെ ഓപ്പറേഷനിൽ വിഷപ്പുകയൊന്നും വകവെക്കാതെ ജീവൻ പണയം വച്ചു പോരാടിയ അംഗങ്ങളിൽ, അന്ന് പാലക്കാടെ ഒലവക്കോട് ശാഖാ മാനേജരായിരുന്ന മഹേഷും പങ്കെടുത്തു. മഹേഷിനെ അന്ന് അഗ്നിശമനസേനാ വിഭാഗത്തിന്റെ അനുമോദനവും ലഭിച്ചു.

സിവിൽ ഡിഫൻസിന്റെ ഭാഗമായി ലഭിച്ച പരിശീലനംവഴി ഒരു ജീവൻ രക്ഷിക്കാൻ സാധിച്ച അനുഭവവും മഹേഷ് ഓർത്തെടുത്തു. ഒരു സുഹൃത്തിനെ കാണാൻ എറണാകുളം ജനറൽ ഹോസ്പിറ്റലിൽ പോയതായിരുന്നു മഹേഷ്. അവിടെ അടുത്തായി മൂന്നാലു പേർ സംസാരിച്ചുകൊണ്ടു നിൽക്കുന്നുണ്ടായിരുന്നു. അതിലൊരാൾ പെട്ടന്നു മറിഞ്ഞു വീണു. പരിശോധിച്ചപ്പോൾ ബോധം ഇല്ല. കരോട്ടിക്ക് പൾസ് നോക്കി. സ്ഥിതി ഗുരുതരമാണ് എന്ന് മനസിലാക്കി സി പി ആർ കൊടുത്തു. കുറച്ചുകഴിഞ്ഞപ്പോൾ ആൾ ശ്വാസം വലിക്കാൻ തുടങ്ങി, അപ്പോഴേക്കും ഒരാൾ ഹോസ്പിറ്റലിൽ നിന്നും സ്ട്രെച്ചർ കൊണ്ടുവന്നു. കാഷ്വാൽറ്റിയിൽ കൊണ്ടുപോയി അവിടെ വെച്ച് ചെക്ക് ചെയ്തപ്പോൾ ബിപി ഷൂട്ട് ആയി. പിന്നെ ഫിറ്റ്സ് വന്നു. പക്ഷേ അപ്പോഴേയ്ക്കും ഡോക്ടർ വന്ന് ട്രീറ്റ്മെന്റ് കൊടുത്തു. ആൾക്ക് ബോധം വരുന്നതുവരെ മഹേഷ് ആശുപത്രിയിൽ നിന്നു. ദൈവത്തിനും സിപിആർ കൊടുക്കാൻ പഠിപ്പിച്ച സിവിൽ ഡിഫെൻസിനും, ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്മെന്റിനുമാണ് മഹേഷ് നന്ദി പറയുന്നത്. ഗോൾഡൻ ഹവറിൽ സി പി ആർ കൊടുക്കാൻ സാധിച്ചാൽ ഇങ്ങനെ പല ജീവനുകളും രക്ഷിക്കാൻ പറ്റുമെന്നും മഹേഷ് കൂട്ടിച്ചേർക്കുന്നു.

പത്രമാധ്യമങ്ങളിലും മഹേഷിനെക്കുറിച്ചുള്ള വാർത്തകൾ വന്നിട്ടുണ്ട്. പെട്ടന്ന് ഓർമ്മ വരുന്നത് 2023 ലെ ഓണക്കാലമാണ്. ഇന്ത്യയുടെ ചാന്ദ്രയാൻ വിജയകരമായി വിക്ഷേപിച്ച സമയമായിരുന്നു അത്. ശാഖയിലെ ഓണാഘോഷവുമായി ബന്ധപ്പെട്ട പൂക്കളത്തിൽ മഹേഷ് ഒരു ക്യു ആർ കോഡ് വരച്ചുചേർത്തു. അതു സ്കാൻ ചെയ്താൽ ഐ എസ് ആർ ഓയുടെ വെബ്സൈറ്റ് തുറന്നുവരും. മനോഹരമായ ഈ പൂക്കളം പത്രമാധ്യമങ്ങളിൽ വാർത്തയായി എന്നു മാത്രമല്ല ശാസ്ത്രസാഹിത്യപരിഷത്തിന്റെ ഓൺലൈൻ മാധ്യമമായ ‘ലൂക്ക’ അഖിലകേരളാടിസ്ഥാനത്തിൽ നടത്തിയ മത്സരത്തിൽ ഒന്നാം സമ്മാനം നേടുകയും ചെയ്തു.

ബാങ്ക് ട്രോൾ ഗ്രൂപ്പിലും മറ്റും രസകരമായ ട്രോളുകൾ വാരിവിതറുന്ന ഒരു ‘ട്രോളനുമാണ് മഹേഷ് എന്ന് പരിചയപ്പെടുത്തേണ്ടതില്ലല്ലോ. ഫോട്ടോഗ്രഫിയിലും മഹേഷിന് കമ്പമുണ്ട്.

മഹേഷിന്റെ ‘സെൽഫി പ്രാന്ത്’ എടുത്തുപറഞ്ഞേ തീരൂ. ബാങ്കിന്റെ എംഡി, ഇഡി തുടങ്ങിയ ഉന്നതോദ്യോഗസ്ഥരുമായുള്ള അനേകം സെൽഫികൾ മഹേഷിന്റെ പക്കലുണ്ട്. ഏതു ക്രിക്കറ്റ് ആസ്വാദകനേയും

അസൂയപ്പെടുത്തുന്ന തരത്തിൽ, ക്രിക്കറ്റ് താരങ്ങളായ എയ്ഡൻ മാർക്രം, ഗ്ലെൻ ഫിലിപ്സ്, മാർക്കോ ജാൻസൺ, ഭുവനേശ്വർ കുമാർ, നിതിഷ് കുമാർ റെഡ്ഡി, മയങ്ക് അഗർവാൾ തുടങ്ങിയവരുമായുള്ള സെൽഫികളും യഥേഷ്ടമുണ്ട്.

മലപ്പുറം ജില്ലയിലെ തലക്കടത്തൂർ ശാഖയുടെ മാനേജരായി സേവനമനുഷ്ഠിക്കുകയാണ് നിലവിൽ മഹേഷ്.

സുഹൃത്തുക്കൾ ആണ് തന്റെ ഏറ്റവും വലിയ ശക്തി എന്ന് മഹേഷ് എടുത്തുപറയുന്നു. ബാങ്കിലെ സുഹൃദ് വലയം ജീവിതത്തിൽ ഒരുപാടു സഹായിച്ചു. Info, Error, TB, sports ഗ്രൂപ്പുകളിലെ സുഹൃത്തുക്കൾ തന്റെ എല്ലാമാണ്. ഇവരെ ഒരിക്കലും മറക്കാൻ പറ്റില്ല. പ്രത്യേകിച്ചും info group. മഹേഷ് വിനയാന്വിതനായി.

ഇന്ത്യൻ ബാങ്കിന്റെ പാലാരിവട്ടം ശാഖയിലെ ഉദ്യോഗസ്ഥയായ കീർത്തി പി സി ആണ് മഹേഷിന്റെ ഇന്നിംഗ്സിലെ നോൺ സ്‌ട്രൈക്കർ. പതിനൊന്നാം ക്ലാസുകാരനായ അതുൽ കൃഷ്ണ, ആറാം ക്ലാസുകാരിയായ ശ്രേയ കൃഷ്ണ എന്നിവരാണ് മഹേഷിന്റെ ടീമിലെ ജൂനിയർ കളിക്കാർ.

തനിക്കിന്നുള്ള എല്ലാം തന്നത് ബാങ്കാണെന്ന് അഭിമുഖത്തിനിടെ മഹേഷ് പല തവണ ആവർത്തിച്ചു. വലിയ ആഗ്രഹങ്ങളൊന്നും ഇല്ല എന്നും മഹേഷ് പറഞ്ഞു.

പക്ഷേ ഉറപ്പാണ്, ആത്മവിശ്വാസത്തോടെ, നിശ്ചയദാർഢ്യത്തോടെ, ആത്മാർത്ഥതയോടെ ഓരോ ചുവടും വെക്കുന്ന മഹേഷ് ഇനിയും ഒത്തിരിപടവുകൾ നടന്നുകയറും.

ഒന്നും പ്രതീക്ഷിക്കാനില്ല എന്ന അവസ്ഥയിൽ നിന്ന് ഇതുവരെയെത്തിയതിലൂടെ, ജീവിതത്തോടു മഹേഷ് ചെയ്ത മധുര പ്രതികാരം കാണുമ്പോൾ, കയ്പുനിറഞ്ഞ കൗമാരത്തിലേക്ക് കണ്ണുരുട്ടിയ വിധി ഇപ്പോൾ ആനന്ദക്കണ്ണീരിൽ ആറാടുകയാവും. തീർച്ച!

ഔദ്യോഗിക ജീവിതത്തിലും സേവനമേഖലയിലും മഹേഷിന് ഇനിയും കൂടുതൽ സംഭാവനകൾ നൽകാനാവട്ടെ എന്നും നല്ലൊരു കുടുംബജീവിതം നയിക്കാനാവട്ടെ എന്നും ടിബി കൂട്ടായ്മ ആശംസിക്കുന്നു.

---

തയ്യാറാക്കിയത് : അമിത് കുമാർ, ഫെഡറൽ ബാങ്ക്, ഹെഡ്ഓഫീസ്, ആലുവ

English version: Minu Mary Abraham, State Bank of India, Singanallur Branch, Coimbatore

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

---------------------------------------------------------------------------------------------------

Can you imagine someone who sits as a manager in a bank cabin appears as a civil defense volunteer in times of flood, fire and landslide and at times leads cricket tournaments as captain, and even works as a ham radio operator at disaster sites?

No need to keep imagining— In this week's TB of the week feature, we are introducing a person who can be called as ' Man of Many Talents'.

Mahesh V
Federal Bank
Talakkadathur Branch
Malappuram

Born as the youngest of three sons to Shri G. Venugopal Shenoy and Smt. Rajamma, Mahesh hails from Ernakulam. His childhood was quite ordinary, much like that of most of us.

But that calm and happy school life was suddenly overshadowed by the sudden demise of his father. This loss shook Mahesh along with his elder brothers and mother.

It was only years later that Mahesh realized that this painful event was the reason for his determination in life.

After his father's death, the family was in a constant struggle to rebuild life. During that period, Mahesh could not pay enough attention to his studies.

It was then that his friend Krishna Kammath informed him of a temporary vacancy at Federal Bank. Mahesh got a small job, on a temporary basis at the Ernakulam Girinagar branch of Federal Bank in 2001.

The then Branch Manager who has later became the Head of HR at the bank, Shri Thampi Kurian, immediately recognized Mahesh's sincerity and dedication. After the 90-day temporary term ended, he did not want to let Mahesh go. Instead, he recommended him to a supervisor role at a friend's construction company.

Mahesh worked there for about a year and a half. Then, in 2002, he passed the Federal Bank recruitment test, and on November 5, 2003, he officially joined the bank.

His career began in the Accounts Department of the Bank. In 2005, he received his first promotion and transfer to Alanallur in Palakkad district. By 2007, he was transferred to Ernakulam, where he worked in both the Ernakulam North branch and the Legal Department until 2018.

Meanwhile, Mahesh resumed the formal education he had paused in his teens. After joining the

bank, he completed SSLC, Plus Two, a degree in Public Administration, PGDHRM, and cleared JAIIB and CAIIB.

But he didn't stop there. He completed around 14 IIBF certifications including Credit Officer, Forex, and Retail Banking.

By reading this, anyone may mistake that we are introducing a book worm this week.

Mahesh is far more than that.

If asked what he really is, the list goes on—cricketer, civil defense member, licensed ham radio operator, "troll maker," bank manager, and much more.

Let's take them one by one.

From a young age, Mahesh has been a cricket all-rounder. He has represented Federal Bank in many tournaments and he was the Captain in most of them. He won Best Bowler at the All-Kerala Inter-Bank Cricket Tournament once and even led his team to a winners' trophy.

Mahesh has always been in the front row in social services as well. His active involvement began during the floods of 2018. He spent about seven days continuously at Aluva, Paravoor, Aduvassery and Cheranalloor during the flood. Recognizing this service, he received awards from the bank, the staff association, and others.

This experience led him to join Civil Defense, a voluntary force under the Fire & Rescue Department. He underwent training at classroom, district, and state levels and even took part in the passing-out parade.

As a Civil Defense volunteer, Mahesh served during the Covid pandemic, delivering medicines and essentials to patients while wearing PPE kits.

Mahesh has participated in the rescue operations when a landslide struck Pettimudi in August 2020. It was here that he realized the critical role of ham radio in disaster zones. Inspired by that he obtained his ham radio license. He has also served in disaster-hit areas like Wayanad, Punchirimattam, Chooralmala, and Mundakkai.

His courage was further proven in 2023 when a major fire broke out at Brahmapuram in Ernakulam. The Fire & Rescue Department specially selected Mahesh to join the firefighting team. Mahesh was the Branch Manager at Olavakkode Branch then. Without fearing toxic fumes, he fought alongside the team to control the blaze without any casualties. He was honored by the department for his bravery.

Mahesh also recalls a life-saving moment made possible through his Civil Defense training. He saw a man suddenly collapse while he was at Ernakulam General Hospital. Realizing the man had no pulse, Mahesh administered CPR. Within minutes, he regained breathing and the man was moved to the causality and the doctors attended to him. Mahesh has patiently waited at the

hospital until he regained consciousness.Mahesh humbly credits God, Civil Defense wing and the Fire & Rescue Department for equipping him with CPR training. He also mentions that many lives can be saved by administering CPR during the golden hour.

The media too has reported on his unique contributions. One notable instance was during Onam 2023, when India's Chandrayaan mission succeeded, Mahesh had creatively incorporated a QR Code in the Pookkalam of his branch which on scanning opened ISRO's official website.This innovation not only made the news but also won first prize in an online competition conducted by Kerala Sastra Sahitya Parishad's media wing, Luca.

Mahesh is also known as a witty "troll maker" in banking meme groups and is equally passionate about photography.

His "selfie craze" deserves a mention—he has countless selfies with Federal Bank's MD, ED, and other senior officials, as well as famous cricketers like Aiden Markram, Glenn Phillips, Marco Jansen, Bhuvneshwar Kumar, Nitish Kumar Reddy and Mayank Agarwal.

Currently, Mahesh serves as Branch Manager at Federal Bank's Talakkadathur branch in Malappuram district.

He considers his friends as his biggest strength. The friends from Info, Error, TB, and Sports groups had supported him throughout life. "Especially Info group," he adds, with humility.

In his personal life, Keerthi P.C., an officer at Indian Bank, Palarivattom, is his non-striker. Their children, Atul Krishna (Class 11) and Shreya Krishna (Class 6), are the junior players in his team.

Mahesh mentions that he owes everything he has today to the bank and also added that he has no big dreams.

But one thing is certain—Mahesh, with confidence, determination, and sincerity, will keep scaling new heights.

From a state of having no expectations, to achieving so much, his journey is his sweetest revenge against fate. The destiny that once sneered at his bitter teenage years must now be shedding tears of joy.

May Mahesh continue contributing greatly to his professional life, his service endeavors, and his beautiful family life—this is the heartfelt wish of the TB community.